ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) 3-5-55-ൽ എസ്റ്റേറ്റിലെ തമിഴരായ ജോലിക്കാരും ഹൈലാൻഡ് പ്ലാന്റേഷൻ ലേബർ യൂണിയൻ (ആർ. എസ്. പി.) അംഗങ്ങളായ പ്രതിവുജോലിക്കാരുംകൂടി സംഘടിതമായി എസ്റ്റേറ്റിലെ എസ്റ്റേറ്റ് ഉടമയോട് അനുകൂലിച്ചു നിന്ന ജോലിക്കാരുടെ മേൽ ഒരാക്രമണം നടത്തി. സംഘട്ടനത്തിൽ എസ്റ്റേറ്റുടമയോട് യോജിച്ചുനിന്ന ജോലിക്കാരിൽ മുപ്പതുപേർക്ക് പരുക്കുകൾ പറ്റി. കുഞ്ഞുകൊച്ച് എന്ന ആൾ തലയിലേറ്റ പരുക്കു നിമിത്തം കോട്ടയം ഗവണ്മെൻറ് ആശുപത്രിയിൽ വച്ച് മരിച്ചു.

അന്നേദിവസം വൈകുന്നേരം അഞ്ചു മണി സമയത്ത് മേൽപറഞ്ഞ സംഭവം സംബന്ധിച്ച കേസിലെ പ്രതികളിൽ പതിനൊന്നു പേർ ചേർന്ന് എസ്റ്റേറ്റിൽ ഒരു മലയാളി നടത്തിവന്ന ഒരു ചായക്കടയിൽ കല്ലേറു നടത്തുകയും, അലമാരി മുതലായ സാധനങ്ങൾ നശിപ്പിക്കുകയും ചില്ലറ സാധനങ്ങളും മുപ്പതു രൂപയും എടുത്തുകൊണ്ടുപോകുകയും ചെയ്തു.

സേവാദളം.

* 741. [31] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് സേവാദളം എന്ന പേരിൽ ഒരു അർദ്ധസൈനികസംഘടന കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഘടനയുടെ പ്രവർത്തനത്തെപ്പറ്റി ഗവണ്മെൻറിന് എന്തു അഭിപ്രായമാണുള്ളത് ;

(സി) ഈ സംഘടനയുടെ പ്രോത്സാഹനാർത്ഥം മന്ത്രിമാർ എന്തെല്ലാം ചെയ്തിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഈ സംസ്ഥാനത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അർദ്ധസൈനിക സ്വഭാവത്തോടുകൂടി "സേവാദളം" എന്ന സംഘടന പ്രവർത്തിക്കുന്നതായി ഗവണ്മെൻറിന് അറിവില്ല. കോൺഗ്രസ്സിന്റെ അഭിമുഖ്യത്തിൽ സേവാദളം എന്ന ഒരു സംഘടന പ്രവർത്തിക്കുന്നതായി അറിയാം.

(ബി) ഈ സംഘടന നിയമാനുസരണം പ്രവർത്തിക്കുന്നതുകൊണ്ട് എതിരഭിപ്രായമില്ല.

(സി) സേവാദളം സംബന്ധിച്ചുള്ള യോഗങ്ങളിൽ പ്രസംഗിച്ചുകാണും.

സ്പെഷ്യൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

* 742. [33] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ :

(എ) തോട്ടംതൊഴിലാളികളുടെ പ്രധാന തൊഴിൽതർക്കങ്ങളെക്കുറിച്ചു തീരുമാനിക്കാൻ ഒരു സ്പെഷ്യൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly